

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

കേരള സംസ്ഥാന ബുക്ക് മാർക്ക് ഓഡിറ്റ് റിപ്പോർട്ട് 2016-17, 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in, dotvm.ksad@kerala.gov.in

നം.കകെ.എസ്.എ.റ്റി.വി.എം.മിസ് I/479/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി: **06.10.2021**

ജോയിന്റ് ഡയറക്ടർ

സെക്രട്ടറി,
കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്,
അനന്തവിലാസം പാലസ്,
ഫോർട്ട്.പി.ഒ, തിരുവനന്തപുരം.

സർ,

വിഷയം : കേരള സംസ്ഥാന ബുക്ക് മാർക്കിന്റെ 2016-17, 2017-18 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

തിരുവനന്തപുരം ജില്ലയിലെ കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, തിരുവനന്തപുരത്തിന്റെ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് താങ്കളുടെ അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായി അയയ്ക്കുന്നു. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ രണ്ട് മാസത്തിനകം മറുപടി ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉ.പ.സ.)
2. സെക്രട്ടറി, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം. (ഉ.പ.സ.)
3. ഓഫീസ് കോപ്പി.

നം.കകെ.എസ്.എ.റ്റി.വി.എം.മിസ് I/479/2021 **തീയതി: 06.10.2021**

കേരള സംസ്ഥാന ബുക്ക് മാർക്കിന്റെ 2016-17, 2017-18 എന്നീ വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാ റിപ്പോർട്ട്.

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	ശ്രീ.മുഹമ്മദ് നിസാർ.എ, ജോയിന്റ് ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	11.02.2021 മുതൽ 19.12.2021വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം	ശ്രീമതി.ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ) ശ്രീ. ജസ്റ്റിൻ രാജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ. ശ്രീമതി സീന.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ. ശ്രീമതി പ്രിയദർശിനി.എസ്.ആർ, ഓഡിറ്റർ
നിർവ്വഹണാധികാരികൾ	സെക്രട്ടറി- ശ്രീ.ബാബുകുഴിമറ്റം, (01.04.2016 മുതൽ 31.05.2016 വരെ) ശ്രീമതി.സജിനി.എസ് (01.06.2016 മുതൽ 21.08.2016) സെക്രട്ടറി ഇൻ ചാർജ്ജ് ശ്രീ.എ.ഗോകുലേന്ദ്രൻ (21.06.2016 മുതൽ 31.03.2018)

ഭാഗം -1
പൊതു അവലോകനം

1-1 ആമുഖം

1955-ലെ തിരുവിതാംകൂർ-കൊച്ചി-ശാസ്ത സാഹിത്യ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട് (രജി.നം.946/95 തീയതി 08.12.1995). ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത് ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കൗൺസിലുമാണ്.

സാംസ്കാരിക വകുപ്പ് മന്ത്രി ചെയർമാനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനുമായുള്ള ജനറൽ കൗൺസിലിൽ ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി സെക്രട്ടറി ഉൾപ്പെടെ രണ്ടു വിദഗ്ധരും, നാമനിർദ്ദേശം ചെയ്യപ്പെട്ട 9 മെമ്പർമാരുമാണുള്ളത്. എക്സിക്യൂട്ടീവ് കൗൺസിലിലുള്ള 9 മെമ്പർമാരിൽ ചെയർമാൻ, വൈസ് ചെയർമാൻ, സെക്രട്ടറി, വിദഗ്ധ മെമ്പർ, എം.എൽ.എ, എം.പി, ജനറൽ കൗൺസിലിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട രണ്ട് മെമ്പർമാർ, ജനറൽ കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു മെമ്പർ എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്.

ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പേര് സർക്കാർ ഉത്തരവ് നമ്പർ 180/2015/സാം.കാ.വാ തീയതി 11.06.2015 പ്രകാരം കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് എന്നാക്കി മാറ്റിയിട്ടുണ്ട്.

1-2 ലക്ഷ്യവും പ്രവർത്തനവും

സർക്കാർ വകുപ്പുകളും, സ്ഥാപനങ്ങളും പ്രസിദ്ധീകരിക്കുന്ന ബുക്കുകൾ ജനങ്ങളിലെത്തിക്കുക എന്നതാണ് സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ പ്രധാന ലക്ഷ്യം. കൂടാതെ വിവിധ സ്ഥലങ്ങളിൽ പുസ്തകമേളകൾ, പുസ്തക പ്രദർശനങ്ങൾ എന്നിവ നടത്തി പുസ്തകങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കാനും അതുവഴി അവയുടെ വിൽപന കൂട്ടാനും നടപടികൾ സ്വീകരിച്ചു വരുന്നു.

1-3 ബജറ്റ് പൊതുസഭ അംഗീകരിച്ചിട്ടില്ല

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി യുടെ മെമ്മോറാണ്ടം,സെക്ഷൻ 6(ii) പ്രകാരം, സൊസൈറ്റിയുടെ വാർഷിക ബജറ്റ്, സൂക്ഷ്മ പരിശോധനയും, പരിഷ്കരണവും, പിഴ തീർക്കലും, നടത്തിയതിനു ശേഷം, അംഗീകരിക്കുക എന്നത്, പൊതു സഭയുടെ ധർമ്മമാണ്. എന്നാൽ, 2016-17, 2017-18 വർഷങ്ങളിലെ ബജറ്റ് പൊതുസഭ അംഗീകരിച്ചിട്ടുള്ളതായി, മിനിട്ട്സിൽ ഇല്ല. (ഓഡിറ്റ് എൻക്വയറി നം.12.)

1-4 വാർഷിക ധനകാര്യപത്രിക യഥാസമയം ഓഡിറ്റിനു ലഭ്യമാക്കിയില്ല.

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരം ഓരോ സാമ്പത്തിക വർഷത്തെയും അക്കൗണ്ട്സ്, തുടർന്നുവരുന്ന വർഷത്തിലെ ജൂലൈ 31-ന് മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ടി വ്യവസ്ഥ കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി പാലിച്ചു കാണുന്നില്ല. 2016-17, 2017-18 വർഷങ്ങളിലെ വാർഷിക കണക്കുകൾ 16.11.2020-ലാണ് ഓഡിറ്റിനായി സമർപ്പിച്ചിരിക്കുന്നത്. വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കുന്നതിൽ സമയക്ലിപ്തത പാലിക്കേണ്ടതാണ്.

1-5 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷികധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2015-16 ലെ നീക്കിയിരിപ്പ് തുകയല്ല 2016-17 ലെ മുന്നിരിപ്പായി കാണിച്ചിരിക്കുന്നത് .

2015-16 സാമ്പത്തിക വർഷത്തിൽ ഓഡിറ്റിനു ഹാജരാക്കിയ വാർഷിക ധനകാര്യപത്രിക പ്രകാരം 31.03.2016 ലെ നീക്കിയിരിപ്പ് 6,384,448/-രൂപയാണ്. (പി.ഡി രജിസ്റ്റർ പ്രകാരമുള്ള തുകയും ഇതാണ്) എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ ഓഡിറ്റിനു ഹാജരാക്കിയ വാർഷിക ധനകാര്യപത്രിക പ്രകാരം 1.04.2016 ലെ മുന്നിരിപ്പ് 75,50,022/-രൂപയാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/20-നുള്ള മറുപടിയിൽ 2016-17, 2017-18

വർഷങ്ങളിൽ ഹാജരാക്കിയിരിക്കുന്നത് ഇന്റേണൽ ഓഡിറ്റ് പ്രകാരമുള്ള കണക്കുകളാണെന്നും uncashed cheque കളുടെ തുകയാണ് വ്യത്യാസമായി വന്നിരിക്കുന്നതെന്നും അറിയിച്ചിരിക്കുന്നു.

എല്ലാ മാസാവസാനവും വർഷാവസാനവും ട്രഷറി /ബാങ്ക് റീക്കൺസീലിയേഷൻ നടത്തി തുകകൾ പെരുത്തപ്പെടുത്തേണ്ടതാണ്.

2. PD Account ,Bank Statement എന്നിവ പെരുത്തപ്പെടുന്നില്ല.

സ്ഥാപനത്തിലെ പി.ഡി അക്കൗണ്ട് രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം വ്യത്യാസം വന്നിരിക്കുന്നു.

Account No	തീയതി	സ്ഥാപനത്തിലെ PD രജിസ്റ്റർ പ്രകാരം	Bank Statement പ്രകാരം
799011700000019 (PD Account) District Treasury	1.04.2016	63,84,448/-	54,52,864/-
	31.03.2017	83,12,907/-	1,17,20,521/-
	31.03.2018	31,50,323/-	34,92,751/-

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/20-നുള്ള മറുപടിയിൽ ഓരോ ദിവസവും ട്രഷറിയിലേക്ക് നൽകുന്ന ചെക്കുകളും ഡിഡിയും അതാതു ദിവസം തന്നെ ക്യാഷ് ബുക്കിൽ (പി.ഡി രജിസ്റ്റർ) രേഖപ്പെടുത്തുന്നുവെന്നും എന്നാൽ ചെക്കുകളും ഡിഡിയും ട്രഷറിയിൽ നിന്നും മാറി വരുന്ന മുറയ്ക്ക് മാത്രമേ ട്രഷറി സ്റ്റേറ്റ്മെന്റിൽ എൻട്രിയാവുകയുള്ളുവെന്നും അറിയിച്ചിരിക്കുന്നു.

എല്ലാ മാസാവസാനവും വർഷാവസാനവും ട്രഷറി /ബാങ്ക് റീക്കൺസീലിയേഷൻ നടത്തി തുകകൾ പെരുത്തപ്പെടുത്തേണ്ടതാണ്.

3.നീക്കിയിരിപ്പ് തുകയിലെ വ്യത്യാസം

സ്ഥാപനം ഹാജരാക്കിയ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും സ്ഥാപനത്തിലെ രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

I.

799011700000019 (PD Account)	വാർഷിക ധനകാര്യപത്രിക പ്രകാരം	സ്ഥാപനത്തിലെ രജിസ്റ്റർ പ്രകാരം
നീക്കിയിരിപ്പ് 31.03.2017	1,16,58,230/-	83,12,907/-
നീക്കിയിരിപ്പ് 31.03.2018	33,49,943/-	31,50,323/

ll.SBI Account No 35106107208-ൽ 31.03.2017 ലെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് 13171651.29/-രൂപയും Bank Statement പ്രകാരമുള്ള നീക്കിയിരിപ്പ് തുക 11657411.29/-രൂപയുമാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/20-നുള്ള മറുപടിയിൽ ലെഡ്ജർ ഹാജരാക്കിയെന്നറിയിച്ചെങ്കിലും ആയതു അംഗീകരിക്കുവാൻ കഴിയില്ല. കൂടാതെ എസ്.ബി.ഐ അക്കൗണ്ടിൽ നിന്നുള്ള തുക ട്രഷറി അക്കൗണ്ടിലേക്ക് മാറ്റിയതിനു ശേഷമാണ് പിൻവലിക്കുന്നതെന്നു അറിയിച്ചിരിക്കുന്നു.

എല്ലാ മാസാവസാനവും വർഷാവസാനവും ട്രഷറി /ബാങ്ക് റീക്കൺസീലിയേഷൻ നടത്തി തുകകൾ തമ്മിൽ പെരുത്തപ്പെടുത്തേണ്ടതാണ്.

4.വരവിനത്തിലെ തുകയും ധനകാര്യപത്രിക പ്രകാരമുള്ള തുകയും പെരുത്തപ്പെടുന്നില്ല.

2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലെ sales collection എന്ന ശീർഷകത്തിൽ വരവായി കാണിച്ചിരിക്കുന്ന തുകയും സ്ഥാപനത്തിലെ പി.ഡി രജിസ്റ്റർ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

.

2016-17	തുക	ആകെ തുക	വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുക	വ്യത്യാസം
PD രജിസ്റ്റർ പ്രകാരം	84329587	90209573	101753695	11544122(+)
Cash book പ്രകാരം	5879986			
2017-18		57965481	48612316	935165 (-)
PD രജിസ്റ്റർ പ്രകാരം	32995575			
Cash book പ്രകാരം	24969906			

യഥാർത്ഥ വരവ് പരിശോധിക്കുവാൻ രസീതകൾ ഹാജരാക്കാത്തതിനാൽ അതിന്റെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/20 നുള്ള മറുപടി പ്രകാരം ഹാജരാക്കിയ ഇന്റേണൽ ഓഡിറ്റിന്റെ ലഡ്ജറിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ വരവുകളും ഉൾപ്പെട്ടിട്ടില്ല.

വരവുകൾ സംബന്ധിച്ച് വ്യക്തമായ രേഖകൾ ഹാജരാക്കേണ്ടതും ഒരോ ബ്രാഞ്ചുകളിൽ നിന്നുമുള്ള വരവുകളുടെ വ്യക്തമായ വിവരം സൂക്ഷിക്കേണ്ടതും ആയതു ഓഡിറ്റിനു ഹാജരാക്കേണ്ടതുമാണ്.

5.വരവ്-ചെലവിനങ്ങളിൽ വ്യത്യാസം

സ്ഥാപനം ഹാജരാക്കിയ വരവ് ചെലവ് പത്രികയും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ തുകകളിൽ വ്യത്യാസം വന്നിട്ടുണ്ട്. ഇന്റേണൽ ഓഡിറ്റ് ഹാജരാക്കിയ ലഡ്ജറിൽ സാമ്പത്തിക വർഷത്തെ മുഴുവൻ തുകയും ഉൾപ്പെട്ടിട്ടില്ല.

ഭാവിയിൽ ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ എല്ലാ തുകയും ഉൾപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ അതാതു ശീർഷകങ്ങളിൽ തുകകൾ ഉൾപ്പെടുത്തി കാണിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

1-6 നിർദ്ദിഷ്ട രീതിയിലുള്ള ക്യാഷ്ബുക്ക് പരിപാലിക്കുന്നില്ല

ഒരു സ്ഥാപനത്തിലെ എല്ലാ വരവു ചെലവു കണക്കുകളും വ്യവസ്ഥാപിതമായ രീതിയിൽ എഴുതി സൂക്ഷിക്കുവാൻ ഉപയോഗിക്കുന്ന സുപ്രധാന രേഖയാണ് ക്യാഷ്ബുക്ക്. ഇത് ഫോറം നം. 7A മാതൃകയിലായിരിക്കണമെന്നും ധനം കൈകാര്യം ചെയ്യുന്ന എല്ലാ ഓഫീസുകളും/സ്ഥാപനങ്ങളും ഇതു പരിപാലിക്കണമെന്നും കേരള ട്രഷറി കോഡ്, വാല്യം. 01, ചട്ടം 92(i) നിഷ്കർഷിക്കുന്നു. ജി.ഒ(പി) നം. 119/08/ഫിൻ തീയതി. 07.03.2008 എന്ന സർക്കാർ ഉത്തരവ് നിർദ്ദിഷ്ട രീതിയിലുള്ള ക്യാഷ്ബുക്ക് പരിപാലനത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. എന്നാൽ ഓഡിറ്റിനു ഹാജരാക്കിയ ക്യാഷ്ബുക്ക് ഫോറം നം. 7A മാതൃകയിലുള്ളതല്ല. എല്ലാ വരവു ചെലവു കണക്കുകളും പി.ഡി. രജിസ്റ്റർ എന്ന രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വരും വർഷങ്ങളിൽ നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക് പരിപാലിക്കേണ്ടതാണ്. എല്ലാ വരവു ചെലവു കണക്കുകളും എഴുതി, മാസാന്ത്യ, വർഷാന്ത്യ സംക്ഷിപ്തം എഴുതി, ക്യാഷ് ബുക്ക് പരിപാലിക്കേണ്ടതാണ്.

1-7 പുസ്തകങ്ങൾ പൂർണ്ണമായും സ്റ്റോക്കിലെടുക്കുന്നില്ല.

2016-17, 2017-18 വർഷങ്ങളിലെ രണ്ട് പ്രസാധകരുടെ (Olive Publications,Mathrubhumi Publications) ബില്ലുകളും അവയുടെ സ്റ്റോക്കും പരിശോധിച്ചതിൽ എല്ലാ ബുക്കുകളും സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം.16/20 നുള്ള മറുപടിയിൽ മുൻകാലങ്ങളിൽ ചില പഞ്ചായത്തുകൾ അവർക്കിഷ്ട്ടപ്പെട്ട പുസ്തകങ്ങൾ പ്രസാധകരിൽ നിന്നും നേരിട്ട് വാങ്ങുകയും ആയതിന്റെ ബില്ല് മാത്രം സ്ഥാപനത്തിനു നൽകുകയും ചെയ്യുന്നതിനാലാണ് അവ സ്റ്റോക്കിലെടുക്കാത്തതെന്നു മറുപടി ഹാജരാക്കിയിരിക്കുന്നു.

സ്ഥാപനത്തിന്റെ പേരിൽ വാങ്ങുന്ന എല്ലാ പുസ്തകങ്ങളുടെയും വിവരം പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-8 ക്യാൻസൽ ചെയ്യാത്ത ചെക്കുകൾ സൂക്ഷിച്ചിരിക്കുന്നു.

2016-17 സാമ്പത്തിക വർഷത്തിലെ വിവിധ പ്രസാധകർക്ക് നൽകേണ്ട ചെക്കുകൾ അവർ കൈപ്പറ്റാത്ത സാഹചര്യത്തിൽ കൗണ്ടർ ഫോയിൽ തന്നെ ക്യാൻസൽ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

ഡി. ഡി. നം	തീയതി	തുക	രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിന്റെ പേര്
3492837	27.09.2016	5,40,993/-	Mudra Books & Publishers
3492839	27.09.2016	28,500/-	K.M.Roy
3492840	27.09.2016	6,70,016/-	Edumart

3492841	27.09.2016	8,22,962/-	Edumart
3492842	27.09.2016	70,762/-	H&C Publishing House

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം.7/20 നുള്ള മറുപടിൽ ചെക്കുകൾ ക്യാൻസൽ ചെയ്യുവാൻ വിട്ടുപോയിയെന്ന് അറിയിച്ചിരിക്കുന്നു.

വിതരണം ചെയ്യാത്ത് ചെക്കുകൾ/ഡിഡി എന്നിവ സെക്രട്ടറി ക്യാൻസൽ ചെയ്യേണ്ടതാണ്.

1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു. അവയെ കുറിച്ച് വിവിധ ഖണ്ഡികകളിൽ വിശദമായി പ്രദിപാദിച്ചിട്ടുണ്ട്. ടി അപാകങ്ങൾ പരിഹരിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനം കുറ്റമറ്റതാക്കാൻ ശ്രമിക്കേണ്ടതാണ്.

1. വാർഷിക കണക്കുകൾ യഥാസമയം സമർപ്പിക്കുന്നില്ല.

2. നിർദ്ദിഷ്ട രീതിയിലുള്ള ക്യാഷ്ബുക്ക് പരിപാലിക്കുന്നില്ല

3. വൗച്ചറുകൾ നിശ്ചിത മാതൃകയിൽ പരിപാലിക്കുന്നില്ല.

4. ബജറ്റ് പൊതുസഭ അംഗീകരിച്ചിട്ടില്ല

5. താത്കാലിക ജീവനക്കാരുടെ കരാർ അപൂർണ്ണം

6. ജീവനക്കാരുടെ ജോലി വിഭജന രജിസ്റ്റർ ലഭ്യമല്ല.

7. നിർദ്ദിഷ്ട രീതിയിലുള്ള ക്യാഷ്ബുക്ക് പരിപാലിക്കുന്നില്ല

8. ഫയൽ പരിപാലനം തൃപ്തികരമല്ല.

1-10 ജോലി വിഭജന രജിസ്റ്റർ ലഭ്യമല്ല.

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഹെഡ് ഓഫീസിൽ നിലവിൽ 19 ജിവനക്കാർ ജോലി ചെയ്തു വരുന്നു. ഹെഡ് ഓഫീസിലെയും,വിവിധ ഷോറൂമുകളിലെയും, ജീവനക്കാർക്ക് ചുമതലകൾ ഏല്പിച്ചു നൽകിയ ജോലി വിഭജന രജിസ്റ്റർ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.) മറുപടി ലഭ്യമാക്കിയില്ല.

1-11 ഫയൽ പരിപാലനം തൃപ്തികരമല്ല.

സ്ഥാപനത്തിന്റെ 2016-17, 2017-18 വർഷത്തെ അക്കൗണ്ട്സ് പ്രകാരം, ശമ്പളം, വാടക, പുസ്തകം വാങ്ങൽ, വാഹന പരിപാലനം, എന്നിങ്ങനെ വിവിധ ചെലവുകൾ നടത്തിയിട്ടുണ്ട്.

എന്നാൽ ടി ചെലവുകൾക്ക് അടിസ്ഥാനമായ ഓഫീസ് ഫയലുകൾ പരിപാലിച്ചിട്ടില്ല. Manual of Office Procedure നിഷ്കർഷിക്കുന്ന വിധത്തിൽ ഫയൽ പരിപാലിക്കേണ്ടതും, സെക്രട്ടറിയുടെ ഫയൽ ഉത്തരവിന്റെയും, ഉത്തരവു നടപടികളുടെയും അടിസ്ഥാനത്തിൽ ചെക്കു മുഖാന്തിരം ചെലവുകൾ നിർവ്വഹിക്കേണ്ടതുമാണ്.

1-12 അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

എക്സിബിഷൻ, വാഹനപരിപാലനം, എന്നിവയ്ക്ക് മുൻകൂർതുക അനുവദിക്കുന്നുണ്ടെങ്കിലും, ആയതു അനൗപചാരികമായാണ് ക്രമീകരിച്ചു വരുന്നത്. ഇത് ശരിയായ രീതിയല്ല. മുൻകൂറുകൾ

അനുവദിക്കുന്നതിന്റെ വിശദാംശവും, ആയതു ക്രമീകരിച്ചതിന്റെ വിശദാംശവും, അഡ്വാൻസ് രജിസ്റ്ററിൽ എഴുതി, സാക്ഷ്യപ്പെടുത്തി, സൂക്ഷിക്കേണ്ടതാണ്.

1-13 വാഹന പരിപാലനത്തിലെ അപാകതകൾ

കേരള സംസ്ഥാന ബുക്ക്മാർക്കിന്റെ ഉടമസ്ഥതയിൽ KL01 AW 3722, KL01 BA 7706, KL01 BA 7764 എന്നീ നമ്പരിലുള്ള മൂന്ന് ബസുകളും KL01 AV 7992, KL01 BM 7828 എന്നീ നമ്പരിലുള്ള രണ്ട് കാറുകളും KL01 BG 6850 നമ്പരിലുള്ള ട്രാവലർ ഡെലിവറി വാനും ഉൾപ്പെടെ ആറ് വാഹനങ്ങളാണുള്ളത്. ഇവയുടെ പരിപാലനം സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റിന് വിധേയമാക്കിയിട്ടില്ല.

കേരള സംസ്ഥാന ബുക്ക്മാർക്കിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾക്ക് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല. ജി.ഒ (ആർ.ടി) നം. 582/75 പി. ഡബ്ല്യു തീയതി. 05.05.1975, ധനകാര്യ പരിശോധന വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് സർക്കുലർ നം. 41/2008/ധന തീയതി. 02.08.2008 എന്നിവ പ്രകാരം സർക്കാർ/പൊതുമേഖല ഉടമസ്ഥതയിലുള്ള എല്ലാ വാഹനങ്ങളും വർഷത്തിലൊരിക്കൽ കേരള പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിഭാഗത്തെക്കൊണ്ട് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിക്കേണ്ടതും ഇന്ധന ഉപഭോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയ വിവരം ലോഗ്ബുക്കുകളിൽ രേഖപ്പെടുത്തേണ്ടതുമാണ്.

2016-17, 2017-18 കാലയളവിലേയ്ക്ക് ബാധകമായ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന് ആധാരമായ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 12.02.2021 തീയതിയിൽ 05 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയത്. യഥാസമയം ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ലാത്തതിനാൽ മൈലേജ് കൃത്യമായി നിർണ്ണയിക്കാൻ കഴിയാതെ വരികയും തത്ഫലമായി ഇന്ധന ചെലവ് വർദ്ധിക്കുന്നതിനും വാഹനം ദുരുപയോഗം ചെയ്യുന്നതിനും കാരണമാകുന്നു. ആയതിനാൽ സമയബന്ധിതമായി ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുവാൻ കസ്റ്റോഡിയൻ ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.

പുക പരിശോധയ്ക്ക് (Pollution Test) വിധേയമാക്കിയിട്ടില്ല.

കേരള സംസ്ഥാന ബുക്ക്മാർക്കിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളൊന്നും തന്നെ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പുക പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. വാഹനത്തെ സംബന്ധിച്ച രേഖകളുടെ പരിശോധനയിലാണ് ഇക്കാര്യം ബോദ്ധ്യപ്പെട്ടത്. ഈ വിഷയം ചൂണ്ടിക്കാട്ടി 12.02.2021-ൽ 05 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കാലയളവിൽ വാഹനങ്ങൾക്ക് പുക പരിശോധന നടത്തിയിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഔദ്യോഗിക വാഹനങ്ങൾ നിഷ്കർഷിക്കപ്പെട്ട ഇടവേളകളിൽ പുക പരിശോധനയ്ക്ക് വിധേയമാക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്.

സി. എഫ് ടെസ്റ്റ് നടത്തിയിട്ടില്ല.

കേരള സംസ്ഥാന ബുക്ക്മാർക്കിന്റെ ഉടമസ്ഥതയിലുള്ള മൂന്ന് ബസുകളും ഒരു ട്രാവലർ ഡെലിവറി വാനും സി. എഫ് ടെസ്റ്റിനു വിധേയമാക്കിയിട്ടില്ല. ടാക്സി പെർമിറ്റുള്ള (മഞ്ഞനിറത്തിലുള്ള നമ്പർ പ്ലേറ്റ്) എല്ലാ ചരക്ക് യാത്രാവാഹനങ്ങളും ഓരോ വർഷവും സംസ്ഥാന മോട്ടോർ വാഹന വകുപ്പിനെക്കൊണ്ട് ഫിറ്റ്നസ് പരിശോധന നടത്തിക്കേണ്ടതും ഫിറ്റ്നസ് നേടിയതിന്റെ സർട്ടിഫിക്കറ്റ് വാഹനത്തിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. സി. എഫ് ടെസ്റ്റ് കൃത്യസമയത്ത് നടത്തിയില്ലെങ്കിൽ രജിസ്ട്രേഷൻ കാലഹരണപ്പെടുന്നതിനും നിർദ്ദിഷ്ട നിരക്കിലുള്ള പിഴസംഖ്യ ചുമത്തുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനും കാരണമായിത്തീരുന്നു.

ഇക്കാര്യം ചൂണ്ടിക്കാട്ടി 12.02.2021 തീയതിയിൽ 05 നമ്പരായി നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ സി. എഫ് ടെസ്റ്റ് നടത്തിയിട്ടില്ലെന്ന വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ പ്രസ്താവിച്ചിട്ടുള്ള വാഹനങ്ങൾ നിഷ്കർഷിക്കപ്പെട്ട ഇടവേളകളിൽ CF ടെസ്റ്റിന് വിധേയമാക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്.

മെയിന്റനൻസ് ആന്റ് റിപയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

അറ്റകുറ്റപ്പണികൾ, സ്പെയർ പാർട്സുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും അതിനുവേണ്ടിവന്ന ചെലവ്, തീയതി തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധനം നിറച്ച തീയതി, അളവ്, വില, വാഹന നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഇന്ധന രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 12.02.2021 തീയതിയിൽ 05 നമ്പരായി ഓഡിറ്റ് എൻകയറി നൽകിയെങ്കിലും പ്രസ്തുത രജിസ്റ്ററുകൾ നിലവിൽ ഇല്ലെന്നും 2021 ഫെബ്രുവരി മുതൽ തയ്യാറാക്കി സൂക്ഷിക്കുമെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. സ.ഉ (പി) നം. 803/70/ ഫിൻ തീയതി. 13.11.1970 പ്രകാരം പുറപ്പെടുവിച്ച മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ ചട്ടം.I(3) അനുസരിച്ച് വാഹനങ്ങളുടെ നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട പ്രധാന രേഖകളാണ് മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധന രജിസ്റ്ററും. ആയതിനാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടത് നിയന്ത്രണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്.

ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ.

സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കസ്റ്റോഡിയൻ-ഓഫീസർ ലോഗ്ബുക്ക് പരിശോധിക്കുന്നില്ല.

വാഹനത്തിന്റെ കസ്റ്റോഡിയൻ-ഓഫീസർ ഇടയ്ക്കിടെ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തി സാക്ഷ്യപ്പടുത്തേണ്ടതുമാണ്.

2. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുന്നില്ല.

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

3. യാത്രയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, Type of vehicle, Time or place of starting, Date, time and place of arrival, Signature of officer using the vehicle, Names and designation of persons using the vehicle, Period of halt, Miles/K.M's covered, Purpose of jouney എന്നീ വിവരങ്ങൾ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

4. അറ്റകുറ്റപണികളുടെ വിവരം രേഖപ്പെടുത്തുന്നില്ല.

അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

5. ഇന്ധനക്ഷമത ടെസ്റ്റ് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല.

ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്തു നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്.

6. സംക്ഷിപ്തം ഉൾപ്പെടുത്തിയിട്ടില്ല.

മുൻബാക്കി, നിറച്ച ഇന്ധനം, ഉപയോഗിച്ച ഇന്ധനം, സഞ്ചരിച്ച ദൂരം, നീക്കീയിരിപ്പ് എന്നീ വിവരങ്ങളുടെ മാസാന്ത്യ സംക്ഷിപ്തം ഓരോ മാസത്തിന്റെ അവസാന ദിവസവും വർഷാന്ത്യ സംക്ഷിപ്തം സാമ്പത്തിക വർഷാവസാനവും രേഖപ്പെടുത്തേണ്ടതും ആയത് കസ്റ്റോഡിയൻ-ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

7. സഞ്ചരിച്ച ദൂരം രേഖപ്പെടുത്തിയതിൽ പൊരുത്തക്കേടുകൾ.

ലോഗ്ബുക്കുകളുടെ പരിശോധനയിൽ വാഹനങ്ങൾ യാത്ര അവസാനിപ്പിച്ചപ്പോഴുള്ള കിലോമീറ്റർ റീഡിംഗും തൊട്ടടുത്ത യാത്ര ആരംഭിച്ച സമയത്തെ കിലോമീറ്റർ റീഡിംഗും രേഖപ്പെടുത്തിയതിൽ അന്തരം കാണുന്നു. കൂടാതെ വാഹനങ്ങളുടെ ഓഡോമീറ്റർ പുറകിലേയ്ക്ക് സഞ്ചരിക്കുന്നുവെന്ന് തോന്നിപ്പിക്കുന്ന രീതിയിലാണ് ചില ദിവസങ്ങളിൽ ലോഗ്ബുക്കുകളിൽ കിലോമീറ്റർ റീഡിംഗ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വാഹനത്തിന്റെ നമ്പർ	**ലോഗ്ബുക്ക് പ്രകാരം യാത്ര അവസാനിപ്പിച്ച തീയതിയും അപ്പോഴത്തെ കിലോമീറ്റർ റീഡിംഗും**		**ലോഗ്ബുക്ക് പ്രകാരം തൊട്ടടുത്ത യാത്ര ആരംഭിച്ച തീയതിയും അപ്പോഴത്തെ കിലോമീറ്റർ റീഡിംഗും**		**അഭിപ്രായക്കുറിപ്പ്**
	തീയതി	**കിലോമീറ്റർ റീഡിംഗ്**	**തീയതി**	**കിലോമീറ്റർ റീഡിംഗ്**	
KL01 BA 7764	30.07.2016	19033	01.09.2016	19107	
	26.09.2016	19129	27.09.2016	19123	തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു
	22.12.2016	20099	20.06.2017	20861	23.12.2016 മുതൽ 19.06. 2017 വരെയുള്ള വിവരങ്ങൾ

					ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല
KL01 AV 7992	22.11.2016	154004	26.11.2016	154084	23.11.2016 മുതൽ 25.11.2016 വരെയുള്ള വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല
	30.11.2016	154123	03.12.2016	154125	01.12.2016, 02.12.2016 എന്നീ തീയതികളിലെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
	25.04.2017	156198	26.04.2017	156298	25.04.2017-ലെ കി.മീ റീഡിംഗും 26.04.2017-ലെ യാത്ര ആരംഭിക്കുമ്പോഴുള്ള റീഡിംഗും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
	26.07.2017	158379	27.07.2017	158319	പുറകിലേയ്ക്ക് സഞ്ചരിക്കുന്നു
KL01 BA 7706	12.05.2016	30762	17.05.2016	30927	13.05.2016 മുതൽ 16.05.2016 വരെയുള്ള വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല
	20.03.2017	40870	22.03.2017	40875	21.03.2017-ലെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല
KL01 BG 6850	10.02.2017	65226	16.02.2017	65235	11.02.2017 മുതൽ 15.02.2017 വരെയുള്ള വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല

മേൽ അപാകതകൾക്കും പൊരുത്തക്കേടുകൾക്കും വിശദീകരണം ആവശ്യപ്പെട്ട് 12.02.2021 തീയതിയിൽ 05 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇടയ്ക്കുള്ള കിലോമീറ്റർ എഴുതാൻ വിട്ടുപോയതായിരിക്കാം എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾക്കു കാരണം ലോഗ്ബുക്കുകൾ നിരുത്തരവാദപരമായി കൈകാര്യം ചെയ്യുന്നതും നിയന്ത്രണോദ്യോഗസ്ഥന്റെ മേൽനോട്ടത്തിലുള്ള വീഴ്ചയുമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ വാഹനത്തിന്റെ കസ്റ്റോഡിയനും പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ ജാഗ്രത പാലിക്കേണ്ടതാണ്.

8. സാമ്പത്തിക വർഷത്തെ മുഴുവൻ ലോഗ്ബുക്കുകളും ഓഡിറ്റിന് ഹാജരാക്കിയില്ല

ഔദ്യോഗിക വാഹനങ്ങളുടെ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ മുഴുവൻ ലോഗ്ബുക്കുകളും ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാഹനത്തിന്റെ നമ്പർ	ലഭ്യമാക്കിയ ലോഗ്ബുക്കുകളുടെ കാലയളവ്
KL01 AW 3722	01.04.2016 മുതൽ 20.01.2017വരെ
KL01 BA 7764	01.04.2016 മുതൽ 04.11.2017വരെ
KL01 BM 7828	01.04.2016 മുതൽ 20.07.2017വരെ

31.03.2018 വരെയുള്ള ലോഗ്ബുക്കുകൾ ഹാജരാക്കുവാൻ 12.02.2021 തീയതിയിൽ 05 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നു മറുപടി ലഭ്യമാക്കിയെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അവശേഷിക്കുന്ന ലോഗ്ബുക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

വാഹനത്തിന്റെ കസ്റ്റോഡിയനും പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-14 താത്കാലിക ജീവനക്കാരുടെ കരാർ അപൂർണ്ണം

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയിൽ നിലവിൽ 43 പേരാണ് കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നത്.ടി ജീവനക്കാർ സ്ഥാപനവുമായി ഒപ്പു വച്ച കരാർ പരിശോധിച്ചതിൽ ആയവ അപൂർണ്ണം എന്ന് കണ്ടു. നൂറു രൂപയുടെ മുദ്ര പത്രത്തിൽ ജീവനക്കാരുടെ പേരും മേൽവിലാസവും, മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ ശമ്പളമോ, ബോണ്ടിന്റെ വിശദാംശമോ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല, ബോണ്ടുകൾ 2015-ന ശേഷം പുതുക്കിയിട്ടുമില്ല. (ഓഡിറ്റ് എൻക്വയറി നം.2, തീയതി 12.02.2021).

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സർക്കാർ ധനസഹായം

സർക്കാർ ഗ്രാന്റിനത്തിൽ 2016-17,2017-18 എന്നീ വർഷങ്ങളിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ഉത്തരവ് നം/തീയതി	ലഭിച്ച ഗ്രാന്റ്	ട്രഷറിയിൽ വരവ് വന്ന തീയതി

2016-17	GO(Rt)No 439/2016/ CLAD dated 21.12.2016	15,00,000.00	14.03.2017
	GO(Rt)No 197/2017/CAD dated 22.03.2017	30,00,000.00	27.03.2017
2017-18	GO(Rt)No 543/2017/ CAD dated 15.09.2017	19,00,000.00	26.09.2017
	GO(Rt)No 196/2018/CAD dated 24.02.2018	18,00,000.00	28.02.2018
	GO(Rt)No 220/2018/ CAD dated 24.03.2018	18,00,000.00	26.03.2018

2-2 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

അ) രസീതുകളിൽ ഓഫീസ് മുദ്ര പതിച്ചിട്ടില്ല.

പണം സ്വീകരിക്കുന്നതിനുപയോഗിച്ച രസീതുകൾ, ക്യാഷ്/ക്രെഡിറ്റ് ബിൽ എന്നിവയിൽ ഓഫീസ് മുദ്ര പതിച്ചിട്ടില്ലാത്തതിനാൽ ഇതിന് ആധികാരികതയില്ല. കൂടാതെ ഇത് വ്യാജ രസീത് ഉപയോഗിക്കുന്നതിനുള്ള സാധ്യതയ്ക്കും കാരണമാകാവുന്നതാണ്. ആയതിനാൽ എല്ലാ രസീതുകളിലും ക്യാഷ്/ക്രെഡിറ്റ് ബില്ലുകളിലും ഓഫീസ് മുദ്ര പതിച്ച് ആധികാരികമാക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ആ) സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

വരവ് രസീതുകൾ, ക്യാഷ്/ക്രെഡിറ്റ് ബിൽ രസീതുകൾ എന്നിവയുടെ കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. രസീത് ബുക്കുകളുടെ നമ്പർ മാത്രം രേഖപ്പെടുത്തിയ ഒരു രജിസ്റ്ററാണ് സ്റ്റോക്ക് രജിസ്റ്റർ എന്ന പേരിൽ ഓഡിറ്റിന് ഹാജരാക്കിയത്. ഇക്കാരണത്താൽ അച്ചടിച്ച രസീത് ബുക്കുകളുടെ എണ്ണം, അവയുടെ വിതരണം, ഉപയോഗിച്ച രസീത് ബുക്കുകളുടെ എണ്ണം, ഉപയോഗിക്കാതെ അവശേഷിച്ചവയുടെ എണ്ണം, രസീത് ഉപയോഗത്തിലെ സുതാര്യത തുടങ്ങിയ വിവരങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കേരള ട്രഷറി കോഡ് ചട്ടം 90 (ബി) നോട്ട് 3-ൽ അനുശാസിക്കുംപ്രകാരം കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ഇ) സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

വരവ് രസീതുകൾ, ക്യാഷ്/ക്രെഡിറ്റ് ബിൽ രസീതുകൾ എന്നിവയിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, വാല്യം. 01, 90(ബി), 92(ബി) ആർട്ടിക്കിളുകൾ പ്രകാരം ഓരോ രസീത് ബുക്കിലെയും രസീതുകളുടെ എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. രസീത് ബുക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് അവയുടെ പുറം ചട്ടയുടെ ഉൾവശത്ത് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് ഉൾപ്പെടുത്തേണ്ടതാണ്.

ഈ) ഡബിൾ സൈഡഡ് (ഇരുവശ) കാർബൺ ഉപയോഗിച്ചിട്ടില്ല.

വരവുകൾ സ്വീകരിക്കുന്ന സമയത്ത് എഴുതി നൽകുന്ന രസീതുകളിൽ ഡബിൾ സൈഡഡ് (ഇരുവശ) കാർബൺ ഉപയോഗിച്ചിട്ടില്ല. കേരളടഷറി കോഡ് ചട്ടം 90 (എ) നോട്ട് 2 പ്രകാരം എഴുതി നൽകുന്ന രസീതുകളിൽ നിർബന്ധമായും ഡബിൾ സൈഡഡ് (ഇരുവശ) കാർബൺ ഉപയോഗിക്കേണ്ടതാണ്.

രസീത് പരിശോധനയിൽ കണ്ടെത്തിയ മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 16.02.2021 തീയതിയിൽ 15 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻകയറിക്കുള്ള മറുപടിയിൽ "ഓഡിറ്റ് എൻകയറി നം.15 ൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ ഇനി മുതൽ പാലിച്ചുവരുന്നതാണ്" എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

2-3 ബ്രാഞ്ചുകളിലെ വിറ്റ വരവ് രജിസ്റ്റർ പരിശോധിച്ചതിലെ അപാകതകൾ

കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് എന്ന സ്ഥാപനത്തിന് 2016-17, 2017-18 വർഷങ്ങളിൽ കേരളത്തിലുടനീളം 15 ബ്രാഞ്ചുകളും 3 മൊബൈൽ ബ്രാഞ്ചുകളുമാണ് ഉള്ളത്. അതിൽ തിരുവനന്തപുരം ജില്ലയിലെ വി.ജെ.റ്റി ബ്രാഞ്ചും 3 മൊബൈൽ ബ്രാഞ്ചുകളും ഒഴികെ മറ്റ് എല്ലാ ബ്രാഞ്ചുകളും മിക്കപ്പോഴും പുസ്തകം വിറ്റ് ലഭിക്കുന്ന വരവ് തുക ഡിഡി ആയോ അക്കൗണ്ട് ട്രാൻസ്ഫർ ആയോ ആണ് ഹെഡ് ഓഫീസിലേയ്ക്ക് അടവാക്കുന്നത്. ബ്രാഞ്ചുകളിൽ പുസ്തകം വിറ്റ് കിട്ടുന്ന തുകയിൽ നിന്ന് ബ്രാഞ്ചിന്റെ ചെലവ് തുക കഴിച്ച് ബാക്കി തുകയാണ് പലപ്പോഴും അടവാക്കിയിരിക്കുന്നത്. എതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

നം.	ബ്രാഞ്ച് പേര്	മാസം	വിറ്റവരവ്	ചെലവ്	അടവാക്കിയത്	ബാക്കി
1	വി.ജെ.റ്റി	മെയ്യ് 2016	19572	2234	13067	4271
2	വി.ജെ.റ്റി	ഒക്ടോബർ 2016	63368	3984	23595	35789
3	കായംകുളം	ഫെബ്രുവരി2017	17975	326	17649	--
4	കോഴിക്കോട്	ഫെബ്രുവരി2017	46598	12947	29834	3817
5	പാലക്കാട്	ഫെബ്രുവരി2017	11530	1228	10302	--

ബ്രാഞ്ചുകളിലെ വരവിൽ നിന്ന് ചെലവ് തുക ഈടാക്കുന്നത് ഉചിതമല്ല. ബ്രാഞ്ചുകളിലെ ചെലവുകൾക്ക് ആവശ്യമായ തുക ഹെഡ് ഓഫീസിൽ നിന്ന് ലഭ്യമാക്കി ചെലവാക്കേണ്ടതാണ്.

വി.ജെ.റ്റി ബ്രാഞ്ചിലെ 2016-17 വർഷത്തെ ബ്രാഞ്ച് സ്റ്റേറ്റ്മെന്റെ രജിസ്റ്റർ പ്രകാരം വിവിധ മാസങ്ങളിൽ ക്രഡിറ്റ് ഇനത്തിൽ (അടവാക്കാനുള്ള തുക) 11,61,386/- രൂപയാണ്. ആയത് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (14/2021,16.2.2021). 'ബസ്സുകളിൽ നിന്നും ബ്രാഞ്ചുകളിൽ നിന്നും ഹെഡ് ഓഫീസിൽ അടയ്ക്കുന്ന തുക അതേ ദിവസം തന്നേ ടഷറിയിൽ അടയ്ക്കുന്നു, ചെല്ലാൻ നംമ്പർ സഹിതം ക്യാഷ് റമിറ്റൻസ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നു, ടി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. മറുപടിയിൽ പറഞ്ഞിട്ടുള്ള രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ബി) ബ്രാഞ്ചുകളിലെ അതത് മാസത്തെ കളക്ഷൻ തുക അടവാക്കുന്നതിൽ കാല താമസം ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ബ്രാഞ്ച് പേര്	കളക്ഷൻ മാസം	തുക	അടവാക്കിയ തീയതി
വി.ജെ.റ്റി	ജൂൺ2017	49000	2/8/2017
വി.ജെ.റ്റി	ജൂൺ2017	33458	30/8/2017

കായംകുളം	നവംബർ 2017	30000	4/12/2017
എറണാകുളം	ഫെബ്രുവരി2018	24000	9/3/2018
എറണാകുളം	ഫെബ്രുവരി2018	3213	15/3/2018
വി.ജെ.റ്റി	സെപ്റ്റംബർ2017	25000	27/9/2015
വി.ജെ.റ്റി	സെപ്റ്റംബർ2017	9565	11/10/2017

കേരള ഫിനാൻഷ്യൽ കോഡ്, വാല്യം.1, ആർട്ടിക്കിൾ 7(2) പ്രകാരം വരവ് തുകകൾ അതേ ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്കിൽ ഒടുക്കേണ്ടതാണ്. വരവ് തുകകൾ യഥാസമയം കൃത്യമായി ഒടുക്കുവരുത്തുന്നുണ്ടെന്ന് അധികൃതർ ഉറപ്പു വരുത്തേണ്ടതാണ്.

ഇത്തരത്തിൽ അനധികൃതമായി പണം കൈവശം വയ്ക്കുന്നത് താൽക്കാലിക പണാപഹരണമാണ്. ആയത് സാമ്പത്തിക ദുരുപയോഗത്തിന് കാരണമായേക്കാം എന്നതിനാൽ വരവ് തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ നിർബന്ധമായി ബാങ്കിൽ അടവാക്കേണ്ടതാണ്.

(സി) വിറ്റുവരവ് വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. കായംകുളം ബ്രാഞ്ചിൽ നവംബർ 2017 ൽ 30,000/- രൂപയുടെ വിറ്റുവരവ് 4.12.2017 ൽ പണമായി അടവാക്കിയതായി ബ്രാഞ്ച് സ്റ്റേറ്റ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. മേൽ തുകയുടെ വിവരങ്ങൾ ക്യാഷ് ബുക്കിലോ ബാങ്ക് സ്റ്റേറ്റ്മെന്റിലോ ലഭ്യമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/2021,16.2.2021) ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. വിറ്റു വരവിന്റെ കൃത്യത ഹെഡ് ഓഫീസ് പരിശോധിച്ചിട്ടില്ല. വിറ്റുവരവിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വരവ് തുകയുടെ കൃത്യതയും ആധികാരികതയും ഉറപ്പാക്കാൻ ഓഡിറ്റിന് സാധിക്കുന്നില്ല.

2-4 പുസ്തകങ്ങൾ പൂർണ്ണമായും സ്റ്റോക്കിലെടുക്കുന്നില്ല.

2016-17, 2017-18 വർഷങ്ങളിലെ രണ്ട് പ്രസാധകരുടെ (Olive Publications, Mathrubhumi Publications) ബില്ലുകളും അവയുടെ സ്റ്റോക്കും പരിശോധിച്ചതിൽ എല്ലാ ബുക്കുകളും സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/20 നുള്ള മറുപടിയിൽ മുൻകാലങ്ങളിൽ ചില പഞ്ചായത്തുകൾ അവർക്കിഷ്ട്ടപ്പെട്ട പുസ്തകങ്ങൾ പ്രസാധകരിൽ നിന്നും നേരിട്ട് വാങ്ങുകയും ആയതിന്റെ ബില്ല് മാത്രം സ്ഥാപനത്തിനു നൽകുകയും ചെയ്യുന്നതിനാലാണ് അവ സ്റ്റോക്കിലെടുക്കാത്തതെന്നു മറുപടി ഹാജരാക്കിയിരിക്കുന്നു.

സ്ഥാപനത്തിന്റെ പേരിൽ വാങ്ങുന്ന എല്ലാ പുസ്തകങ്ങളുടെയും വിവരം പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 വൗച്ചറുകളുടെ പരിശോധന.

വൗച്ചറുകൾ നിശ്ചിത മാതൃകയിൽ പരിപാലിക്കുന്നില്ല.

സ്ഥാപനത്തിന്റെ വിവിധ ചെലവുകൾ PD അക്കൗണ്ട് രജിസ്റ്ററിൽ രേഖപ്പെടുത്തി, ചെക്കു മുഖാന്തിരം പിൻവലിച്ചു വരുന്നതായി കണ്ടു. ദൈനംദിന ചെലവുകൾക്കായി Ho expenses എന്ന പേരിൽ പ്രതിമാസം പിൻവലിക്കുന്ന 25,000/-രൂപയുടെ ചെലവു വൗച്ചറുകളുടെ അനുബന്ധ രേഖകൾ മാത്രമേ ഓഡിറ്റിനു

ഹാജരാക്കിയിട്ടുള്ള. സ്ഥാപനത്തിന്റെ ചെലവു വൗച്ചറുകൾ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി, ചെക്കു നംപർ അടക്കമുള്ള വിശദാംശം രേഖപ്പെടുത്തി, സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ നടത്തി പണം പിൻവലിക്കേണ്ടതാണ്. അനുബന്ധ രേഖകളുടെ പകർപ്പ് വൗച്ചറുകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

a.മറ്റ് വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്താതെ ഒപ്പ് മാത്രം രേഖപ്പെടുത്തിയ വൗച്ചർ ഉപയോഗിച്ച് പണം നൽകിയിരിക്കുന്നു. എതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. സപ്പോർട്ടിംഗ് ഡോക്യുമെന്റ്സിൽ നിന്ന് ആണ് വിവരങ്ങൾ ലഭ്യമായത്.

തീയതി	പണം കൈപ്പറ്റിയ ആളിന്റെ പേര്	തുക
28/4/2017	ശ്രീ.രാജരാജവർമ്മ ഭാഷാപഠന കേന്ദ്രം	2640
15/5/2017	ജോസി ഫോക് ലോർ	4590
11/8/2017	ധർമ്മജ് മിത്ര	2000

b.വൗച്ചർ ഇല്ലാതെ അനുബന്ധ രേഖകൾ മാത്രം ഉപയോഗിച്ച്, അനവധി പേർക്ക് പണം നൽകിയിരിക്കുന്നു. എതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

തീയതി	പണം കൈപ്പറ്റിയ ആളിന്റെ പേര്	തുക
5/12/2016	കെ. രവീന്ദ്രൻ	360.00
25/11/2016	വിശ്വം പകൽക്കുറി	67.50
5/12/2016	അമൃത വർഷിണി പബ്ലിക്കേഷൻസ്	924.00
7/2/2017	വീണ ബുക്ക്സ്	4725.00
19/4/2017	അഖിൽ പബ്ലിക്കേഷൻസ്	1200.00

ബില്ലോ മറ്റ് അനുബന്ധ രേഖകളോ ഇല്ലാതെ വൗച്ചർ മാത്രം ഉപയോഗിച്ച് പണം നൽകിയിരിക്കുന്നു. എതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

തീയതി	പണം കൈപ്പറ്റിയ ആളിന്റെ പേര്	തുക
28/4/2017	എ. വിൻസെന്റ്	2,640/-
23/6/2017	സുനിൽ	4,025/-

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/2021,19/2/2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.ഒ(പി) നം. 119/08/ഫിൻ തീയതി. 07.03.2008 എന്ന സർക്കാർ ഉത്തരവ് പ്രകാരം 1,000/- രൂപയ്ക്ക് മുകളിൽ വരുന്ന എല്ലാ ചെലവുകളും ചെക്ക് മുഖേന ആയിരിക്കേണ്ടതാണ്. വരും വർഷങ്ങളിൽ വൗച്ചറുകൾ തയ്യാറാക്കുമ്പോൾ മേൽ പറഞ്ഞ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

3-2 ഫർണിച്ചർ വാങ്ങൽ - വിശദാംശം ലഭ്യമല്ല.

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ അക്കൗണ്ട്സ് പ്രകാരം 1,82,839/-രൂപയും, 2017-18വർഷം 7,542/-രൂപയും, "Equipments, Furniture & Fittings"എന്നയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ടി ചെലവുകളുടെ വൗച്ചർ, അനുബന്ധ രേഖകൾ, സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശം എന്നിവ

ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.11) മറുപടി ലഭ്യമാക്കിയില്ല.

3-3 ജനറൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

സ്ഥാപനത്തിൽ വിവിധ ജംഗമ വസ്തുക്കൾ, ഓഫീസ് സ്റ്റേഷനറി എന്നിവ വാങ്ങിയതായി PD Account രജിസ്റ്ററിൽ രേഖപ്പെടുത്തലുണ്ടെങ്കിലും, ടി വസ്തുക്കൾ സ്റ്റോക്കിൽ എടുത്തിട്ടുള്ളതായി കണ്ടില്ല. ഉദാഹരണമായി, 27-7-17 ൽ 3,799/- രൂപ ചെലവഴിച്ച് ഒരു വാക്വം ക്ലീനർ വാങ്ങീയതായി PD Account രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ആയതു സ്റ്റോക്കിൽ എടുത്തിട്ടില്ലാത്തതിനാൽ ആർക്കു വിതരണം ചെയ്തു എന്ന് വ്യക്തമല്ല. (ഓഡിറ്റ് എൻകുയറി നം.11/12.02.2021).

3-4 എക്സിബിഷൻ ചെലവുകൾ-വിശദാംശം ലഭ്യമല്ല

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ അക്കൗണ്ട്സ് പ്രകാരം 9,65,687/- രൂപയും, 2017-18 വർഷം 20,60,207/- രൂപയും പ്രോജക്ട്, എക്സിബിഷൻ എന്നിവയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ രണ്ടു വർഷങ്ങളിലും എത്ര എക്സിബിഷൻ എവിടെയെല്ലാം വച്ച് നടത്തി, അവയുടെ വിറ്റ വരവ്, അഡ്വാൻസ് നൽകി എന്നിവയുടെ വിശദാംശം ലഭ്യമല്ല. കൂടാതെ വിവിധ എക്സിബിഷനുകൾക്ക് ചുമതലക്കാരായി ജീവനക്കാരെ ചുമതലപ്പെടുത്തിയതിന്റെ ഉത്തരവു, നടപടിക്രമത്തിന്റെ പകർപ്പ് എന്നിവ ലഭ്യമല്ല. ഓരോ എക്സിബിഷനും വിവിധ പുസ്തകങ്ങളുടെ എത്ര കോപ്പികൾ കൊണ്ട് പോയി, തിരികെ എത്ര കോപ്പികൾ കൊണ്ടു വന്നു, അവയുടെ വില, ഡിസ്കൗണ്ട് കഴിച്ചുള്ള വിറ്റ വില എന്നീ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.3) മറുപടി ലഭ്യമാക്കിയില്ല.

3-5 ചെക്ക് വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

വിവിധ പ്രസാധകർക്കും എഴുത്തുകാർക്കും പുസ്തകത്തിന്റെ തുകയായി ചെക്കാണ് നൽകുന്നത്. സ്ഥാപനത്തിൽ നിന്നും നൽകുന്ന ചെക്കുകൾ അവർ തന്നെയാണോ കൈപ്പറ്റുന്നതെന്നു പരിശോധിക്കുവാൻ കഴിയുന്ന രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. അതിനാൽ തുകകൾ യഥാർത്ഥ വ്യക്തികൾക്ക് തന്നെയാണോ നൽകിയിരിക്കുന്നതെന്നും വ്യക്തമല്ല. ചെക്ക് വിതരണ രജിസ്റ്റർ ഹാജരാക്കുവാൻ നിർദ്ദേശം നൽകിയെങ്കിലും ആയതു ഹാജരാക്കിയിട്ടില്ല. ചെക്ക് വിതരണ രജിസ്റ്റർ ഓഡിറ്റിനു ഹാജരാക്കാത്തതു സ്ഥാപനത്തിന്റെ വീഴ്ചയായി വിലയിരുത്തുന്നു.

3-6 ഒരേ ക്ളെയിം സ്റ്റേറ്റ്മെൻറ് ഉപയോഗിച്ച് ഒരു വ്യക്തിക്ക് രണ്ട് തവണ പണം നൽകിയിരിക്കുന്നു. 4485/- രൂപയുടെ ചെലവ് അംഗീകരിക്കാവുന്നതല്ല.

ശ്രീമതി. ബെസ്സി കടവിൽ എന്ന വ്യക്തിക്ക് 31/3/2016 തീയതിയിലെ **ക്ലെയിം സ്റ്റേറ്റ്മെന്റ്** പ്രകാരം പുസ്തകങ്ങളുടെ വിലയായി 4,485/- രൂപ നൽകിയതായി ഏപ്രിൽ 2016 ലെ ചെലവ് രജിസ്റ്ററിൽ രേഖപ്പെടുത്തി, 20/8/2016 തീയതി രേഖപ്പെടുത്തിയ വൗച്ചർ ഉപയോഗിച്ച് പണം നൽകിയിരിക്കുന്നു. മേൽ സൂചിപ്പിച്ച അതേ **ക്ലെയിം സ്റ്റേറ്റ്മെന്റ്** ഉപയോഗിച്ച് സെപ്റ്റംബർ 2016ലും ടി വ്യക്തിക്ക് 4,485/-രൂപ വീണ്ടും നൽകിയതായി ചെലവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. സെപ്റ്റംബർ 2016 ൽ 4,485/-രൂപ നൽകിയതിന്റെ വൗച്ചർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. എങ്കിലും ചെലവ് രജിസ്റ്ററിൽ തുക കൈമാറിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഒരേ ഡോക്യുമെന്റ് ഉപയോഗിച്ച് ഒരു വ്യക്തിക്ക് രണ്ട് തവണ പണം നൽകിയതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (22/2021, 19/2/2021)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സെപ്റ്റംബർ 2016ലെ 4,485/- രൂപയുടെ ചെലവ് അംഗീകരിക്കാൻ നിർവ്വാഹമില്ല. ഇത് സംബന്ധിച്ച ബാധ്യത സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

ലഭ്യമായ വാർഷിക കണക്കുകൾ താൽക്കാലികമായി അംഗീകരിച്ചു കൊണ്ടുള്ള സാമ്പത്തിക നില ചുവടെ ചേർക്കുന്നു.

വർഷം	2016-17	2017-18
മുന്നിരിപ്പ്	7550022.00	29329887.00
വരവ്	106253695.00	54112316.00
ആകെ	113803717.00	83442203.00
ചെലവ്	84473830.00	66966019.00
നീക്കിയിരിപ്പ്	29329887.00	16476183.00

4-2 ഓഡിറ്റ് ചാർജ്ജ്

2016-17

ഓഡിറ്റ് ചാർജ്ജ് കണക്കാക്കുവാനുള്ള വരവ് 10,17,53,695/-രൂപ

ഓഡിറ്റ് ചാർജ്ജ് 1% നിരക്കിൽ 10,17,537/- രൂപ

31.03.2017 വരെ അവശേഷിക്കുന്ന തുക 47,70,916/- രൂപ

2017-18

ഓഡിറ്റ് ചാർജ്ജ് കണക്കാക്കുവാനുള്ള വരവ് 4,86,12,316/-രൂപ

ഓഡിറ്റ് ചാർജ്ജ് 1% നിരക്കിൽ 4,86,123/- രൂപ

31.03.2018 വരെ അവശേഷിക്കുന്ന തുക 52,57,039/- രൂപ

ഓഡിറ്റ് ചാർജ്ജ് വർഷം തിരിച്ചുള്ള വിവരങ്ങൾ

വർഷം	തുക
2010-11 വരെ	19,43,081/-
2011-12	2,92,228/-
2012-13	1,60,865/-

2013-14	3,86,813/-
2014-15	2,31,511/-
2015-16	7,38,881/-
2016-17	10,17,537/-
2017-18	4,86,123/-
ആകെ	52,57,039/-

2017-18 വരെയുള്ള ഓഡിറ്റ് ഫീസ് " 0070-60-110-99" ഓഡിറ്റ് ചാർജ്ജ് എന്ന ശീർഷകത്തിൽ ഒടുക്കി ഒറിജിനൽ ചെലാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയക്കേണ്ടതാണ്.

4-3 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

വർഷം	2016-17	2017-18
ആകെ വരവ്	106253695	54112316
ആകെ ചെലവ്	84473830	66966019
നിരാകരിച്ച തുക	4485(ഖണ്ഡിക 3-6)	ഇല്ല
തടസ്സപ്പെടുത്തിയ തുക	ഇല്ല	ഇല്ല

ബി) സ്ഥാപനത്തിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ നിരാകരിച്ച തുക

ഖണ്ഡിക	തുക	നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
3-6	4,485/- രൂപ	ശ്രീ.എ.ഗോകുലേന്ദ്രൻ, സെക്രട്ടറി

4-4 അനുബന്ധ പത്രികകൾ

കേരള സംസ്ഥാന ബുക്ക് മാർക്കിന്റെ 2016-17 സാമ്പത്തിക വർഷത്തെ മുന്നിരിപ്പിൽ വ്യത്യാസമുണ്ട്. ലഭ്യമായ വാർഷിക കണക്കുകൾ താൽക്കാലികമായി അംഗീകരിച്ചുകൊണ്ട് തയ്യാറാക്കിയ വരവ് ചെലവ് പത്രികകളും ഓഡിറ്റ് സർട്ടിഫിക്കറ്റും അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

അനുബന്ധം 1

വരവ് ചെലവ് പത്രിക

1) 2016-17 വർഷത്തെ വരവ് ചെലവ് പത്രിക

കേരള സംസ്ഥാന ബുക്ക് മാർക്ക്, തിരുവനന്തപുരം

വരവ്	തുക	ചെലവ്	തുക
മുന്നിരിപ്പ്	7550022.00	Payment for books	73546341.00
Sales collection	101753695.00	Salaries & Allowances	7648387.00
Govt. Grant	4500000.00	Rent-Branches	791517.00
		Office& other expenses	980963.71
		Book Distribution expenses	53365.00
		Project expenses	965687.00
		Furniture & other expenses	182839.00
		Security deposit refunded	150000.00
		Rent deposit	154731.00
		Closing balance	29329886.29
Total	**113803717.00**	**Total**	**113803717.00**

*സ്ഥാപനം ഹാജരാക്കിയ വരവ് ചെലവ് പത്രികയാണ് തയ്യാറാക്കിയിരിക്കുന്നത്.2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നീക്കിയിരിപ്പല്ല 2016-17 വർഷത്തെ മുന്നിരിപ്പ്.ഇതു സംബന്ധിച്ച് വാർഷിക

ധനകാര്യ പത്രികയിലെ അപാകതകളിൽ പരാമർശിച്ചിട്ടുണ്ട്.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

2)

2017-18 വർഷത്തെ വരവ് ചെലവ് പത്രിക

കേരള സംസ്ഥാന ബുക്ക് മാർക്ക്, തിരുവനന്തപുരം

വരവ്	തുക	ചെലവ്	തുക
മുന്നിരിപ്പ്	29329886.29	Payment for books	55324154.00
Sales collection	48612316.00	Salaries & Allowances	7601106.00
Govt. Grant	5500000.00	Rent-Branches	851050.00
		Office& other expenses	891887.50
		Book Distribution expenses	155073.00
		Project expenses	2060207.00
		Furniture & other expenses	7542.00
		Security deposit refunded	75000.00
		Closing balance	16476182.79
Total	**83442202.29**	**Total**	**83442202.29**

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

അനുബന്ധം 2

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള സംസ്ഥാന ബുക്ക് മാർക്ക് തിരുവനന്തപുരത്തിന്റെ 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക കണക്കുകൾ ഓഡിറ്റിനു വിധേയമാക്കി. ഇതു സംബന്ധിച്ച നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.